3. ക്ഷേമനിധി അംഗത്തിന് സ്ഥിരമായ ശാരീരിക വൈകല്യം സംഭവിക്കുകയാണെങ്കിൽ അവശതാ പെൻഷൻ

4. അപകടം, രോഗം എന്നിവമൂലം അംഗം മരിക്കാനിടയായാൽ ആശ്രിതർക്ക് പ്രത്യേക സാമ്പത്തിക സഹായം

5. അംഗങ്ങളുടെ ഗുരുതരമായ രോഗചികിത്സയ്ക്ക് അനുവദനീയമായ അളവിൽ ധനസഹായം

6. വനിതാംഗത്തിനും ആശ്രിതരായ പെൺമക്കൾക്കും വിവാഹ ധനസഹായവും പ്രസവാനുകൂല്യവും

7. വസ്തു വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമുള്ള വായ്പാസഹായം

8. മക്കളുടെ ഉന്നത വിദ്യാഭ്യാസ ചെലവിനുള്ള സാമ്പത്തിക സഹായം

9. പ്രവാസ ജീവിതം കഴിഞ്ഞു മടങ്ങി വരുന്നവർക്ക് സ്വയം തൊഴിൽ ധനസഹായ വായ്പ

ഇതിൽ ചികിത്സ സഹായം മരണമടഞ്ഞ അംഗങ്ങളുടെ ആശ്രിതർക്കുള്ള മരണാനന്തര ധനസഹായം എന്നീ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) ക്ഷേമ ബോർഡ് എറണാകുളത്തും കോഴിക്കോടും മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിന് 20-12-2010-ൽ ജി.ഒ. (എംഎസ്.) 4/2010/നോർക്ക നമ്പർ ഉത്തരവു പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മാർച്ച് ആദ്യവാരം ആഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു.

(എഫ്) തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തി "2008-ലെ മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി" റിപ്പോർട്ട് പ്രകാരം 2008 വർഷത്തിൽ പ്രവാസികൾ കുടുംബങ്ങൾക്കായി കേരളത്തിലേക്കയച്ച തുക 12511 കോടി രൂപയാണ്. ഈ തുകയും ബാങ്ക് നിക്ഷേപം മറ്റ് നിക്ഷേപം എന്നിവ ഉൾപ്പെടെ 2008 വർഷത്തിൽ പ്രവാസികൾ കേരളത്തിലേക്ക് ആകെ അയച്ച തുക 43,288 കോടി രൂപയാണ്.

വോട്ടർപ്പട്ടികയിൽ പേര് ചേർക്കാനാവശ്യമായ അപേക്ഷകളും രേഖകളും നോർക്ക റൂട്ട്സ് മുഖേന സമർപ്പിക്കുവാൻ നടപടി

34 (2510) ശ്രീ. കെ. വി. മോഹനൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്ക് വോട്ടർ പട്ടികയിൽ പേരു ചേർക്കാനും, വോട്ട് രേഖപ്പെടുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രവാസികൾക്ക് സ്വന്തം മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് കാലത്ത് വോട്ട് രേഖപ്പെടുത്താൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രവാസികൾക്ക് സ്വന്തം മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേര് ചേർക്കാനാവശ്യമായ അപേക്ഷകളും രേഖകളും നോർക്ക റൂട്ട്സ് മുഖേന സമർപ്പിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പ്രവാസികളായ ഇന്ത്യാക്കാർക്ക് വോട്ടവകാശം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റ് 1950-ലെ ജനപ്രാതിനിധ്യ നിയമം സെക്ഷൻ 20 എ ഭേദഗതി വരുത്തി നിയമ നിർമ്മാണം നടത്തിയിട്ടുണ്ട്. പ്രസ്തുത നിയമം നടപ്പിൽ വരുത്തുന്നതിനായി തെരഞ്ഞെടുപ്പ് കമ്മീഷൻ 678/ഇഎൽ2/2011/ഇഎൽഇസി, തീയതി 18-2-2011 പ്രകാരം കേരളത്തിൽ നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. വിദേശത്ത് ജോലി ചെയ്യുന്നവർ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനായി അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നേരിട്ടോ തപാൽ മുഖേനയോ പുതുതായി ഏർപ്പെടുത്തിയിട്ടുള്ള ഫോറം 6 എ-യിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തപാൽ മുഖേന അയക്കുന്നവർ അപേക്ഷയോടൊപ്പം എംബസി സാക്ഷ്യപ്പെടുത്തിയ പാസ്പോർട്ടിന്റെയും വിസയുടേയും പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്. നേരിട്ട് സമർപ്പിക്കുന്നവർ അപേക്ഷ സമർപ്പിക്കുമ്പോൾ അസ്സൽ പാസ്പോർട്ട് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ ചീഫ് ഇലക്ടറൽ ഓഫീസറുടെ വെബ്സൈറ്റിൽ ലഭ്യമാണ്. (ceo.kerala.gov.in)

(സി) 1950-ലെ ജനപ്രാതിനിധ്യ നിയമവും (കേന്ദ്രനിയമം) അതനുസരിച്ചുള്ള ചട്ടങ്ങളും പ്രകാരമാണ് വോട്ടർപട്ടികയിൽ പേര് ചേർക്കുന്നത്. അതിനാൽ ഈ നിർദ്ദേശം പരിഗണിക്കുന്നതിന് കേന്ദ്രനിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു ഭേദഗതി നിർദ്ദേശം ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലില്ല.

വിദേശത്ത് നഴ്സിംഗ് ജോലി വാഗ്ദാനം ചെയ്ത് പണം തട്ടിയെടുത്തവർക്കെതിരെ നടപടി

35 (2511) ശ്രീ. സാജു പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശത്ത് നഴ്സിംഗ് ജോലി വാഗ്ദാനം ചെയ്ത് ഉദ്യോഗാർത്ഥികളുടെ 40 കോടി രൂപ തട്ടിയെടുത്ത എറണാകുളം പോണേക്കരയിലെ ജിസ ഇന്റർനാഷണൽ മോർ കൺസൾട്ടൻസി സർവ്വീസ് എന്ന സ്ഥാപനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഉടമ ഗിൽബർട്ട്, ഭാര്യ സാധന എന്നിവർക്കെതിരെ ഹൈക്കോടതി ഉത്തരവിട്ട സി.ബി.ഐ. അന്വേഷണം നടക്കുന്നുണ്ടോ ;

(സി) സംസ്ഥാന സർക്കാരോ പ്രവാസികാര്യ വകുപ്പോ പ്രസ്തുത സ്ഥാപനത്തിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly